POORNA
SINCE 1966

# എലിവാല് പുലിവാല്


രചന: ഡോ. കെ. ശ്രീകുമാർ
ചിത്രീകരണം: സുധീർ. പി. വൈ



028.51
SRE/E
5225




മാളത്തിൽ തനിച്ചിരുന്ന്
കുഞ്ഞെലിക്കു മടുത്തു.
ഇരുന്നിരുന്ന്
കാലുകഴച്ചു.
പുറത്തേയ്ക്ക് തന്നെ
നോക്കിയിരുന്ന്
കണ്ണു നൊന്തു.


ഈ അമ്മയെന്താ
വരാത്തത്?
മാളത്തിലിരുന്നാൽ
പുറത്തേയ്ക്ക്
കുറച്ചേ കാണൂ.
പുറത്തുകൂടെ നടന്നു
പോകുന്നവരുടെ
വാലു മാത്രം.
അത്രയെങ്കിലും
കാണാനാവുമല്ലോ,
ഭാഗ്യം!

5225





ദാ, ആരോ വരുന്നുണ്ടല്ലോ.
ചെറിയൊരു
കയറുപോലെയുണ്ട് വാല്.
കറുപ്പും ചാരനിറവും
ഇടകലർന്നാണ്.
ഇതെന്റെ അമ്മയേ അല്ലെന്ന്
കുഞ്ഞെലി.




കണ്ടൻ പൂച്ച വാലാട്ടി നടന്നുപോയി.


കറുത്തു തടിച്ച് നല്ല നീളമുണ്ട്.
വാലറ്റത്ത് കറുത്തു നീണ്ട രോമങ്ങൾ.
എന്റെ അമ്മയ്ക്ക് ഇത്രയും പൊക്കമില്ല.
എന്റെ അമ്മ ഇത്ര കറുമ്പിയുമല്ല.




വാലിളക്കി
കൊമ്പനാന
സ്ഥലം വിട്ടു.



മഞ്ഞനിറത്തിൽ
കറുപ്പു വരകൾ.
നീണ്ടു നീണ്ടു കിടക്കുന്ന
വാലാണ്.
അയ്യേ! ഇതേതോ
മഞ്ഞപ്പിത്തക്കാരനാണ്.
എന്റെ അമ്മ
ഇങ്ങനെയൊന്നുമല്ല.



വരയൻ പുലി വാലനക്കാതെ നടന്നകന്നു.



ഇതെന്തു കോലമാണ്?
വാലിന്റെ സ്ഥാനത്ത് കുറെ കോലുകൾ തറച്ചിരിക്കുന്നു.
എന്തൊരു വൃത്തികേട്!
എന്റെ അമ്മവാലിന്റെ ഏഴയലത്തു വരില്ല.



മുള്ളൻ പന്നി കുലുങ്ങിക്കുലുങ്ങി നടന്നു.



ഹായ്! കണ്ടാൽ നോക്കിനിന്നുപോവും.
നിറയെ പീലിക്കണ്ണുള്ള നീണ്ട വാലാണ്.
നീലയും പച്ചയും കറുപ്പുമൊക്കെ
ഇടകലർന്നതാണ്.
എന്തായാലും അമ്മയുടെ വാലിന്
ഇത്ര ഭംഗിയില്ല.

028.51
8081.068
(SRE/K) ELI
5225



ആൺമയിൽ താളത്തിൽ നടന്നു നീങ്ങി.



ഏതു നേരവും വാലാട്ടിക്കൊണ്ടിരിക്കും.
കുഞ്ഞുവാലിൽ നിറച്ചും രോമങ്ങളാണ്.
ആകപ്പാടെയൊരു നരച്ച ചാരനിറം.
ഇത് എന്റെ അമ്മയല്ലെന്ന് നൂറുതരം.



അണ്ണാറക്കണ്ണൻ ‘ചിലും ചിലും’
ചിലച്ച് ഓടിപ്പോയി.



കാണാനത്ര ചന്തമൊന്നുമില്ല.
കുഞ്ഞു വാലാണെങ്കിൽ അനക്കുന്നുമില്ല.
ആട്ടാനല്ലെങ്കിൽപ്പിന്നെ വാലെന്തിനാണാവോ?
എന്റെ അമ്മ ഇതാണെന്ന് സമ്മതിച്ചു തരില്ല.



മരയോന്ത് വെടിച്ചില്ലുപോലെ പാഞ്ഞുപോയി.



ഇതെന്താണിപ്പോൾ കോലുപോലെ ഒരാൾ?
ഉണക്കവിറകുപോലെ രണ്ടു കാലുകൾ.
വാലെന്നൊരു സാധനമേ കാണാനില്ല.
വാലില്ലാത്തത് എന്റെ അമ്മയാവില്ലല്ലോ.



മനുഷ്യൻ രണ്ടു കാലിൽ
വേഗം നടന്നുപോയി.



വാലിന്റെ അറ്റം കാണേണ്ട താമസം
ഒരു അമ്മമണം അകത്ത് പടർന്നു.
ചാരനിറമുള്ള വാലിൽ കൈനീട്ടിത്തൊട്ടു, കുഞ്ഞെലി.
"എന്റെ പൊന്നമ്മേ, എലിയമ്മേ, വേഗം വാ!"

എലിയമ്മ മാളത്തിലേയ്ക്ക് ഓടിക്കയറി.
കുഞ്ഞെലിയെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു.
കുഞ്ഞെലി പിന്നെ പുറത്തേയ്ക്ക്
നോക്കിയതേയില്ല.
എലിയമ്മ അകത്തു തന്നെയുണ്ടല്ലോ,
പിന്നെ പുറത്തെന്തു കാണാനാണ്?



പൂർണ പബ്ലിക്കേഷൻസ്
സചിത്ര
ബാലസാഹിത്യമാല

## ഡോ.കെ.ശ്രീകുമാർ



എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ, ബി. എഡ് ബിരുദങ്ങളും പത്രപ്രവർത്തനത്തിൽ പി.ജി. ഡിപ്ലോമയും. മലയാള സംഗീതനാടകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് ബിരുദം. കാൽ നൂറ്റാണ്ടു കാലത്തെ 'മാതൃഭൂമി' ജീവിതത്തിനുശേഷം 2016-ൽ സ്വയം വിരമിച്ചു. ബൃഹദ്ഗ്രന്ഥങ്ങളടക്കം 182 പുസ്തകങ്ങളുടെ കർത്താവാണ്. കേന്ദ്ര-കേരള സാഹിത്യഅക്കാദമി അവാർഡുകളടക്കം അറുപതോളം പുരസ്കാരങ്ങൾ നേടി. ഫോൺ: 9544246473

## സുധീർ.പി.വൈ



ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ ജനനം. പെയിന്റിങ്ങിൽ ബിരുദം. കുട്ടികൾക്കു വേണ്ടിയുള്ള പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ചിത്രീകരണം നിർവ്വഹിച്ചു. 1999-ൽ കേരള ലളിത കലാ അക്കാദമി പുരസ്കാരം, 2012 ൽ 'ദിയാഗോ കോളൻ' എന്ന പുസ്തകത്തിന്റെ ചിത്രീകരണത്തിന് ഭീമ ബാലസാഹിത്യ അവാർഡ് എന്നിവ ലഭിച്ചു. അനിമേഷൻ രംഗത്ത് സജീവം. ഇപ്പോൾ സി-ഡിറ്റിൽ സീനിയർ ഡിസൈനറായി ജോലി ചെയ്യുന്നു. ഫോൺ: 9447524141

Design& Layout:
align.idea@gmail.com